(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി9/270/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഇ-മെയിൽ – dokkd.ksad@kerala.gov.in

ഫോൺ - 0495 2371012

തീയതി:07.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ഏറാമല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഏറാമല ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയ ഉടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി9/270/2020 തീയതി:07.03.2020

**കോഴിക്കോട് ജില്ലയിലെഏറാമല ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 20.07.2018 മുതൽ 22.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടു കളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതില് 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകര ണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ വിശകലനങ്ങളുടേയും നിരീക്ഷണങ്ങളുടേയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടേയോ വിവരത്തിന്റെയോ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എം.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.01.2020 മുതൽ 04.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഗിരീശൻ പാറപ്പൊയിൽ<br>ഓഡിറ്റ് ഓഫീസർ |
| | എൻ.രാജീവൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | അബ്ദുൽ നസീർ.ടി.പി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എം.കെ ഭാസ്കരൻ | 01/04/2018 മുതൽ<br>31/03/2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | പി.സുരേഷ് | 01/04/2018 മുതൽ 31/03/2019 വരെ |
| **<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>** | | |
| അസിസ്റ്റൻറ് സെക്രട്ടറി | സിന്ധു പി.ജി | 01/04/2018 മുതൽ 31/03/2019 വരെ |
| കൃഷിഓഫീസർ | അഞ്ജന രാജേന്ദ്രൻ | 01/04/2018 മുതൽ 31/03/2019 വരെ |
| വെറ്റിനററി സർജൻ | ഡോ.ഷൈനി | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ. (ഹോമിയോ) | ഡോ.രാജീവ് ജി.നായർ | 01/04/2018 മുതൽ 31/03/2019 വരെ |
| അസിസ്റ്റൻറ് എൻജിനീയർ | അമി ഡി സാം | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. മോഹൻ | 01.04.2018 മുതൽ 30/07/2018 വരെ |
| | ഡോ.ചെറിയാൻ കെ ജി | 30/07/18 മുതൽ 22/08/18 വരെ |
| | ഉസ്മാൻ പി കെ | 23/08/18 മുതൽ 31/03/19 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | പ്രീത എൻ | 01/04/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ | പ്രത്യൂഷരാജ് പി.വി. | 23/01/19 മുതൽ 31/03/19 വരെ |

| | | |
|---|---|---|
| | അനീഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| | ഷിജിത്ത് എൻ | 14/04/18 മുതൽ 01/01/19 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ബിന്ദുരാജൻ.എൻ.എം. | 01.04.2018 മുതൽ 14/07/18 വരെ |
| | ഡോ.സുശാന്ത് | 14/07/18 മുതൽ 31/03/19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഉണ്ണികൃഷ്ണൻ എം | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സ്മിത എം | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീജിത്ത് | 26/09/18 മുതൽ 31/03/19 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തികവിശകലനം. | 1-3 |
| 4 | ക്യാഷ് പരിശോധന | 1-4 |
| 5 | സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ചതിൽ 1.41 കോടി രൂപ നഷ്ടപ്പെട്ടു | 1-5 |
| 6 | വിവിധോദ്ദ്യേശങ്ങൾക്കുള്ള/സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് പരിപാലനത്തിൽ അപാകത | 1-6 |

| | | |
|---|---|---|
| 7 | വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല | 1-7 |
| 8 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല | 1-8 |
| 9 | ലൈസൻസ് - അപാകതകൾ | 1-9 |
| 10 | പഞ്ചായത്ത് മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോപ്ലക്സിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിലുള്ള വീഴ്ച: ഷോപ്പുകൾ അടച്ചു പൂട്ടുന്നു. | 1-10 |
| 11 | കമ്മ്യൂണിറ്റി ഹാൾ കം കല്ല്യാണ മണ്ഡപം - വാടക കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നില്ല. | 1-11 |
| 12 | പൊതു മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം നടന്നില്ല | 1-12 |
| 13 | മരാമത്ത് പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നത് -നിബന്ധനകൾ കാലഹരണപ്പെട്ടത് | 1-13 |
| 14 | കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-14 |
| 15 | പുതിയ റോഡുകളുടെ നിർമ്മിതിക്ക് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിച്ചു | 1-15 |
| 16 | അക്രഡിറ്റഡ് ഏജൻസിക്ക് കരാറുകാരന്റെ ലാഭം അനുവദിച്ചു | 1-16 |
| 17 | മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും ജി എസ് ടി ഈടാക്കിയതിൽ കുറവ് വന്നു | 1-17 |
| 18 | മരാമത്ത് പ്രവൃത്തികൾ-കോൺക്രീറ്റിന്റെ ഡാറ്റായിൽ സിമന്റിന് അധികനിരക്ക് | 1-18 |
| 19 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയ ബന്ധിതമായി അനുവദിച്ചില്ല. | 1-19 |
| 20 | അങ്കണവാടികൾക്ക് ഗാർഹിക ഗ്യാസ് കണക്ഷൻ ലഭ്യമാക്കിയില്ല | 1-20 |
| 21 | ഐ.കെ.എം. ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-21 |
| 22 | തുടർസാക്ഷരത- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചില്ല. | 1-22 |
| 23 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച. | 1-23 |

| | | |
|---|---|---|
| 24 | ജാഗ്രതാ സമിതി - പ്രവർത്തനം കാര്യക്ഷമമല്ല | 1-24 |
| 25 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല. | 1-25 |
| 26 | അങ്കണവാടിക്ക് സ്റ്റീൽ കുക്കർ വാങ്ങൽ, ടെണ്ടർ എടുത്ത ഏജൻസി സാധനം വിതരണം ചെയ്യാത്തതിനെതിരെ നടപടി സ്വീകരിച്ചില്ല. | 1-26 |
| 27 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറിയില്ല. | 1-27 |
| 28 | തെരുവ് വിളക്ക് റിപ്പയർ – സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല | 1-28 |
| 29 | ബഡ്സ് സ്കൂൾ നടത്തിപ്പിലെ അപാകതകൾ | 1-29 |
| 30 | നെൽകൃഷി കൂലിച്ചെലവ് - അപാകതകൾ | 1-30 |
| 31 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് - അപാകതകൾ | 1-31 |
| 32 | തെളിനീർ കുടിനീർ പദ്ധതി - തുടർനടപടികളെടുത്തില്ല. | 1-32 |
| | **ഭാഗം – 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം – 3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം – 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 33 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 40 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | 4-11 |



# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28/03/2018 -ലെ 2/18 തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 28/03/2018 ലെ 1/18 തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2018-19 വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. നം.കെ.എസ്.എ.കെ.കെ.ഡി.ഇ2/887/2019(16)

## 1-3 സാമ്പത്തികവിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 15027051.53 |
| വരവ് | 101620365 |
| ആകെ | 116647416.53 |
| ചെലവ് | 88207789 |
| നീക്കിയിരിപ്പ് | 28439627.53 |

## 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03/02/2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ തുക ഒന്നും ബാലൻസ് ഉണ്ടായിരുന്നില്ല

എന്നും ബോധ്യപ്പെട്ടു.

## 1-5 സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച തുക വിനിയോഗിച്ചില്ല-1.41 കോടി രൂപ നഷ്ടപ്പെട്ടു

ഓഡിറ്റ് വർഷത്തിൽ 16.58 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം വാങ്ങിയതിൽ 6.77 കോടി രൂപ മാത്രമാണ് വിനിയോഗിക്കാനായത് (40.83%) ആകെ 191 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയതിൽ 110 എണ്ണത്തിന് മാത്രമാണ് തുക വിനിയോഗിക്കാനായത്. ഇതിൽ ഭാഗികമായി തുക വിനിയോഗിച്ച പദ്ധതികളും ഉൾപ്പെടുന്നുണ്ട്. വിനിയോഗിക്കാൻ കഴിയാതെ വന്ന 9.81 കോടി രൂപയിൽ 1.41 കോടി രൂപ വിവിധ ഗ്രാന്റിനങ്ങളിൽ സർക്കാർ ബജറ്റിൽ അലോട്ട് ചെയ്ത തുകയിൽ പെടുന്നതാണ്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോക്കേഷൻ | വകയിരുത്തൽ | ചെലവ് | ലാപ്സ് തുക (2-4) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| പ്ലാൻ ജനറൽ | 17167000 | 17412041 | 14518498 | 2648502 |
| പ്ലാൻ scp | 2039000 | 2039000 | 1310184 | 728816 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7968000 | 13741847 | 4323080 | 3644920 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 13776000 | 19092275 | 8744203 | 5031797 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം | 3634000 | 3984000 | 1547569 | 2086431 |
| ആകെ | 44584000 | 56269163 | 30443534 | 14140466 |

മേല്പറഞ്ഞ 1.41 കോടിരൂപ കൺസോളിഡേറ്റഡ് ഫണ്ടിലാണെന്നതിനാൽ സാമ്പത്തിക വർഷാവസാനം എന്നന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുകയാണ്. പ്രദേശത്തിന്റെ വികസനത്തിനായി വിനിയോഗിക്കാൻ സർക്കാർ നല്കിയ തുകയാണ് ഇപ്രകാരം നഷ്ടമായത് എന്നത് ശ്രദ്ധേയമാണ്. നഷ്ടത്തിന്റെ പ്രധാന കാരണം മരാമത്ത് മേഖലയിലെ നിർവ്വഹണ വീഴ്ചയാണെന്ന കാര്യം പ്രത്യേക ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതും ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-6 വിവിധോദ്ദേശ്യങ്ങൾ/സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് പരിപാലനത്തിൽ അപാകത

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 4 പ്രകാരം വിവിധ ഉദ്ദേശ്യങ്ങൾക്ക് വിവിധ

സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ 99,94,711.68/-രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ട് ഉൾപ്പടെയുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് ഈ തുകകൾ നിക്ഷേപിച്ചിരിക്കുന്നത്. (ഇതിൽ സ്പെഷൽ ടി എസ് ബി യിൽ 53,40,765/- രൂപ നീക്കിയിരിപ്പായുണ്ട്.) മേൽ നീക്കിയിരിപ്പ് കൂടി സ്ഥാപനത്തിന്റെ ആകെ നീക്കിയിരിപ്പ് ഉൾക്കൊള്ളുന്നുണ്ട്. വിവിധ സംയുക്ത പ്രൊജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നല്കിയ തുകയിൽ നാളിതുവരെ വിനിയോഗിക്കാതെ അവശേഷിക്കുന്ന 7,71,909/-രൂപ കൂടി മേൽ തുകയിൽ ഉൾപ്പെടുന്നുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | ഫണ്ട് നല്കിയ സ്ഥാപനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 16,40,163 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 37,00,602 |
| ആകെ | | 53,40,765 |

മേൽ ഫണ്ടുകളുടെ കാര്യത്തിൽ സമയബന്ധിതമായ വിനിയോഗം നടന്നില്ല എന്നതിനൊപ്പം സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഫണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

13ാം പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ പി 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേകമായി ഒരു സ്പെഷൽ ടി എസ് ബി അക്കൗണ്ട് തുടങ്ങേണ്ടതും ഇതിൽ സംയുക്ത പ്രൊജക്ടുകൾക്കു ലഭ്യമാകുന്ന തുകകൾ മാത്രം നിക്ഷേപിക്കേണ്ടതുമാണ്

2. ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

3. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28 ന മുമ്പേ തിരിച്ചു നൽകേണ്ടതുമാണ്.

4. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നൽകേണ്ടതുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

5. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ

ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

6. മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കുന്നതിനാൽ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് മാർച്ച് 31 ന് ശൂന്യമാകുന്നതാണ്.

എന്നാൽ സംയുക്ത പ്രൊജക്ടുകളുടെ ധനാഗമനത്തിന്റെയും ധനവിനിയോഗത്തിന്റെയും വിവിധ ഘട്ടങ്ങളിൽ മേൽ നിർദ്ദേശങ്ങൾ സ്ഥാപനം പൂർണ്ണമായി പാലിക്കാത്തതാണ് തുക നിലവിൽ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ബാക്കിയാകാൻ കാരണം. മേല്പറഞ്ഞ തുകയിൽ ഭൂരിഭാഗവും 2016-17, 17-18 വർഷങ്ങളിലാണെന്ന് ലഭ്യമാക്കിയ വിവരങ്ങൾ വ്യക്തമാക്കുന്നു. മാർച്ച് 31 ന് അവശേഷിക്കുന്ന ഫണ്ട് സർക്കാരിലേക്ക് സറണ്ടർ ചെയ്യാതെ സ്പെഷൽ ടി എസ് ബി/തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നല്കുന്നതിനൊപ്പം താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1. അക്കൗണ്ടിൽ നീക്കിയിരിപ്പായ 53,40,765/- രൂപ അടിയന്തിരമായി സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്. പ്രൊജക്ട് നിർവ്വഹണത്തിനായി തുക ബാധ്യതപ്പെട്ടെങ്കിൽ തുക സറണ്ടർ ചെയ്യാതെ ഉപയോഗപ്പെടുത്തുന്നതിന് സർക്കാരിന്റെ അനുമതി വാങ്ങി ഉപയോഗപ്പെടുത്താവുന്നതാണ്. അനുമതി ലഭിക്കാത്ത പക്ഷം സ്പിൽ ഓവർ ബാധ്യത പ്രൊജക്ടിൽ പങ്കെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി ഈ വർഷമോ അടുത്ത വർഷമോ ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

2. ഇത്തരം പ്രൊജക്ടുകളുടെ ഫണ്ട് പങ്കെടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഉത്തരവിൽ സൂചിപ്പിച്ച സമയക്രമ പ്രകാരം ലഭിക്കാൻ ഇനി മുതൽ ശ്രമം നടത്തേണ്ടതാണ്.

3. ഇപ്രകാരം ലഭിക്കുന്ന ഫണ്ട് ഉത്തരവിൽ സൂചിപ്പിച്ച സമയക്രമ പ്രകാരം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും, പ്രൊജക്ട് ബാധ്യതയുണ്ടെങ്കിൽ പരിഹരിക്കാൻ ഉത്തരവിലെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതുമാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിച്ച് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-7 വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു

**1.രേഖകളില്ലാത്തതിനാൽ കണക്കുകളുടെ പൊരുത്തം പരിശോധിക്കാനാകുന്നില്ല**

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 12942 ഡിമാന്റുകളാണുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ

അസസ്മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ അവസാനമായി തയ്യാറാക്കിയതും ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതുമായ ഡിമാന്റ് രജിസ്റ്റർ 2012-13 വർഷത്തേതാണ്. ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 11182 നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ പരിപാലിച്ചുപോന്ന ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടങ്ങൾ 1538 ആണെന്നു കാണുന്നു. അതായത് മാന്വൽ രജിസ്റ്ററുകൾ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ ആകെ 12,720/- ഡിമാന്റുകളാണ് 31.3.2019ന് ഉണ്ടാകേണ്ടത്. ഇത് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റിന്റെ കൃത്യത ഇതുമൂലം ഉറപ്പു വരുത്താൻ കഴിയുന്നില്ല

**2. <u>പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല</u>**

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

**3 <u>ലൈസൻസിംഗിലെ പ്രവണതകൾ പരിശോധിക്കപ്പെടുന്നില്ല</u>**

കെട്ടിടനിർമ്മാണ ലൈസൻസ് മേഖലയിലെ പ്രവണതകൾ വിലയിരുത്തി അനധികൃത നിർമ്മാണത്തിന്റെ തോത് തിരിച്ചറിയാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗുലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 1,53,607/- രൂപയും 63,058/- രൂപയുമാണ്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ വലിയ അളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. കെട്ടിടങ്ങളുടെ നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല എന്നതിനൊപ്പം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ സമയബന്ധിതമായി നികുതി അസസ് ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തുന്നുമില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ കെട്ടിടങ്ങൾ നികുതി പരിധിയിൽ പെടാതെ ഒഴിഞ്ഞു പോകുന്നെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു. അനധികൃത നിർമ്മാണം നിർബാധം നടന്നുകൊണ്ടിരിക്കുമ്പോഴും സ്ഥാപനത്തിൽ സൂക്ഷിക്കുന്ന അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിൽ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ലന്നത് ഇവിടെ പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനിൽക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു. വസ്തു നികുതിയുടെ പിരിവ് 100% ആക്കാനുള്ള നിർദ്ദേശങ്ങളും ഇടപെടലുകളും മാത്രമാണ് ഉണ്ടായിട്ടുള്ളത്.

നികുതി പരിധിയിൽ നിന്നും കെട്ടിടങ്ങൾ ഒഴിഞ്ഞുപോകാനുള്ള സാഹചര്യം നിലനിൽക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നൽകേണ്ടതും അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാര നടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതുമാണ്.

1. സ്ഥാപന പരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമ വിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ് മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.
3. ഖണ്ഡിക 1-1 ൽ പ്രതിപാദിച്ചതു പോലെ അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ച് നൽകേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതു/നടത്തേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിച്ചതിന്റെ വിശദമായ റിപ്പോർട്ട്, ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## **1-8** തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ

ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക)
2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്
3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നൽകേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമ പ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനില്ക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2834 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 55 കെട്ടിടത്തിന് 2018-19 വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 2779 കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾ ഉപയോഗപ്പെടുത്താവുന്നവയാണെന്ന് കാണാം. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 535 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിക്കപ്പെട്ട 537 സ്ഥാപനങ്ങൾ 762 കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് ലൈസൻസ് അനുവദിച്ച 537 സ്ഥാപനങ്ങളിൽ നിന്നു മാത്രമല്ല, അവശേഷിക്കുന്ന 2017 കെട്ടിടങ്ങളിൽ (2779-762) സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. ആകെ 2834കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാകാനിടയുണ്ട്.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ്

നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 535 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. തൊഴിൽ നികുതി വരുമാനം തൻ വർഷം വർദ്ധിച്ചിട്ടുണ്ടെന്ന് പരാമർശിക്കുക മാത്രമാണ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയ്തത് .നികുതി വലയം വിപുലമാക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ കമ്മിറ്റി നല്കുകിയിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്.

**<u>സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

മേല്പറഞ്ഞ അപാകത കൂടാതെ ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധ വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരാണ് എന്ന കാര്യം ഇവിടെ പ്രസക്തമാണ്.

| Sl.No. | സ്ഥാപനങ്ങളുടെ പേര് |
|---|---|
| 1. | കെ.ഡി.സി.ബാങ്ക് ഓർക്കാട്ടേരി |
| 2. | അഴിയൂർ ക്ഷീര സഹകരണ സംഘം |
| 3. | വേദവ്യാസ വിദ്യാപീഠം |
| 4. | എം.ഇ.എസ്. സ്കൂൾ |
| 5. | എം.എം.ഓർഫനേജ് ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 6. | ഫാത്തിമ ഡെന്റൽ ക്ലിനിക്. |
| 7. | അനിൽകുമാർ ഡെന്റൽ ക്ലിനിക് |
| | |

| | |
|---|---|
| 8. | കുഞ്ഞമ്മദ് ഡോക്ടർ ക്ലിനിക് |
| 9. | ഡെ മാർട്ട് ഓർക്കാട്ടേരി |
| 10. | ഗോൾഡ് പാർക് ഓർക്കാട്ടേരി |
| 11. | പപ്പൻ സ്റ്റോർ |
| 12. | മണപ്പുറം ടിംമ്പർ ഇന്ഡസ്ട്രീസ് |
| 13. | ആയിഷ സിൽക്സ് |
| 14. | നോവ ഡെന്റൽ ക്ലിനിക് |

ഈ പട്ടികയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും വാണിജ്യ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അൺ എയിഡഡ് വിദ്യാലയങ്ങൾ വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നതിനാൽ സ്വന്തമായി വരുമാനം ആർജ്ജിക്കുന്നതായി പരിഗണിക്കേണ്ടതാണ്. വാണിജ്യ സ്ഥാനപങ്ങൾ ക്ലിനിക്കുകൾ എന്നിവയുടെ കാര്യത്തിൽ അവിടുത്തെ ജീവനക്കാർക്ക് നൽകുന്ന വേതനവും സ്ഥാനപത്തിന്റെ പ്രവർത്തന ചെലവും കഴിച്ചുള്ള വരുമാനം സ്ഥാനപത്തിന്റെ ആദായമായി പരിഗണിക്കപ്പെടേണ്ടതാണ്. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് 2018-19 കാലയളവിലെ തൊഴിൽ നികുതി റിട്ടേൺ വാങ്ങി സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡറ്റിനെ അറിയിക്കേണ്ടതാണ് .

കൂടാതെ മുകളിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും, നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ട പ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ)ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4. ട്രെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5. മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

2019-20 വർഷത്തിന്റെ രണ്ടാം അർദ്ധവർഷം മുതൽക്കുതന്നെ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

# 1-9 ലൈസൻസ് - അപാകതകൾ

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2018-19 വർഷം വരെ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെട്ട ആകെ 2834 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. നികുതി ഇളവ് രജിസ്റ്റർ പ്രകാരം തൻവർഷം 55 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 2779 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് മിക്കവാറും സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 537 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 762 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. ബാക്കിയുള്ള കെട്ടിടങ്ങൾ നിലവിൽ യാതൊരു കാര്യങ്ങൾക്കും വിനിയോഗിക്കുന്നുണ്ടോയെന്ന് സ്ഥാപനം പരിശോധിച്ചിട്ടില്ലെന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നു. അതായത് 2017 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. 1994 ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതും വിശദമായ പരിശോധന നടത്തി അനധികൃതമായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും ഇതിന്റെ വിശദാംശം വ്യക്തമാക്കി റിപ്പോർട്ട് നല്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

# 1-10 പഞ്ചായത്ത് മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിൽ

## അടിസ്ഥാന സൗകര്യമൊരുക്കുന്നതിലുള്ള വീഴ്ച: ഷോപ്പുകൾ അടച്ചു പൂട്ടുന്നു.

പഞ്ചായത്ത് മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിൽ വാടകക്ക് കൊടുക്കാവുന്ന 25 മുറികളുണ്ട്. ഇതിൽ പഴയ മത്സ്യ മാർക്കറ്റിൽ കച്ചവടം ചെയ്തിരുന്ന 7 പേർക്ക് കെട്ടിടം പൊളിച്ചുമാറ്റുന്ന അവസരത്തിൽ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 2,00,000/- രൂപ ഡിപ്പോസിറ്റ് നൽകി 5,000 രൂപ പ്രതിമാസ വാടകയിൽ കച്ചവടം ചെയ്യാൻ അനുവദിച്ചിരുന്നു. 9/2/2016 ൽ നടന്ന ലേലത്തിൽ കെട്ടിടത്തിലെ ഒന്നാം നിലയിലെ 10 മുറികളും രണ്ടാം നിലയിലെ 3 മുറികളും ലേലത്തിൽ പോയിട്ടുണ്ട്. മേൽ ലേലത്തിൽ ഒന്നാം നിലയിലെ 6 മുറികൾ 2.5 ലക്ഷം രൂപ ഡിപ്പോസിറ്റ് നൽകിയും 5,000 രൂപ വാടക കണക്കാക്കിയും രണ്ടാം നിലയിലെ 2 മുറികൾ ഒരു ലക്ഷം രൂപ ഡിപ്പോസിറ്റിലും 2850 രൂപ വാടക നിശ്ചയിച്ചും ശ്രീ. വികാസ് എന്നയാൾ ലേലത്തിൽ എടുത്തിരുന്നു. മേൽ റൂമുകൾ വൃന്ദാവൻ റസ്റ്റോറന്റായി പ്രവർത്തിക്കുകയും കൃത്യമായി വാടക നൽകി കൊണ്ടിരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഹോട്ടലിലെ വെയിസ്റ്റ് വെള്ളം ഒഴിവാക്കുന്നതിനും മാലിന്യം സംസ്കരിക്കുന്നതിനും വേണ്ട രീതിയിൽ സംവിധാനമില്ലാത്തതുകൊണ്ട് ഹോട്ടൽ 2018 ജൂൺ മുതൽ അടച്ചു പൂട്ടിയിരിക്കുകയാണ്. മേൽ വിഷയം പരിഹരിച്ചു നൽകാൻ നിരവധി തവണ തവണ ടിയാൻ പഞ്ചായത്തിൽ അപേക്ഷ നൽകുകയും 31/3/2019 വരെയുള്ള വാടക അടവാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണ സമിതി സബ്കമ്മറ്റിയെ നിയോഗിക്കുകയും സബ്കമ്മറ്റി പ്രശ്ന പരിഹാരത്തിനായി കെട്ടിട ശുചീകരണത്തിനും, ഗോവണി നിർമ്മിക്കുന്നതിനും, വെയിസ്റ്റ് വെള്ളം ഒഴിവാക്കുന്നതിന് ടാങ്ക് നിർമ്മിച്ചു നൽകുന്നതിനും ശുപാർശ ചെയ്തിരുന്നു. എന്നാൽ പഞ്ചായത്ത് ഇതുവരെ മേൽ വിഷയത്തിൽ യാതോരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

പഞ്ചായത്ത് അപേക്ഷകന് ഹോട്ടൽ തുറക്കാൻ ഡി.&ഒ ലൈസൻസ് നൽകിയപ്പോൾ വെയിസ്റ്റ് വെള്ളം ഒഴിവാക്കുന്നതിനും മാലിന്യം സംസ്കരിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങളുണ്ടോയെന്ന് പരിശോധന നടത്താതെയാണ് ശുചിത്വ സർട്ടിഫിക്കറ്റ് നൽകിയതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. കൂടാതെ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിതപ്പോൾ ഹോട്ടലുൾക്ക് വേണ്ടി സജ്ജീകരിച്ച റൂമുകളുൾപ്പെടെ കെട്ടിടത്തിൽ നിന്നും വെയിസ്റ്റ് വെള്ളം ഒഴിവാക്കുന്നതിനും മാലിന്യം സംസ്കരിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കാതെയുമാണ് കെട്ടിടം പണിതതെന്നും വ്യക്തമാണ്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച കാരണം വലിയ തോതിലുള്ള വരുമാന നഷ്ടമാണ് പഞ്ചായത്തിന് ദിനം പ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മേൽ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-11 കമ്മ്യൂണിറ്റി ഹാൾ കം കല്ല്യാണ മണ്ഡപം - വാടക കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നില്ല.

2018-19 കാലയളവിൽ കമ്മ്യൂണിറ്റി ഹാൾ കം കല്ല്യാണ മണ്ഡപത്തിന്റെ വാടകയിനത്തിൽ പിരിഞ്ഞുകിട്ടിയത് 1,20,500 രൂപയും 2017-18 കാലയളവിൽ 46,000 രൂപയുമാണ്. എന്നാൽ ക്ലീനിങ്ങ് ജോലി, ഇലക്ട്രിസിറ്റി, വെള്ളക്കരം തുടങ്ങിയ ഇനത്തിൽ വലിയ തോതിലുള്ള തുകയാണ് ചിലവാകുന്നത്. 300 ലധികം ആളുകളെ ഉൾക്കൊള്ളാവുന്ന മീറ്റിംഗ് ഹാളും വിശാല പാർക്കിംഗ്

സൗകര്യങ്ങളുമുള്ള ഈ കമ്മ്യൂണിറ്റി ഹാൾ ആവശ്യക്കാർക്ക് ദിവസ വാടക 7,500 രൂപ കണക്കാക്കിയാണ് നൽകിപ്പോരുന്നത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഈ കമ്മ്യൂണിറ്റി ഹാൾ താരതമ്യേന ചെറിയ തോതിലുള്ള വാടകക്ക് നൽകുന്നത്കൊണ്ട് പഞ്ചായത്തിന് വലിയ വരുമാന നഷ്ടമാണുണ്ടാവുന്നത്. 2016 ൽ അംഗീകരിച്ച ബൈലയുടെ ഖണ്ഡിക 14 പ്രകാരം കാലാനുസൃതമായി ഗ്രാമ പഞ്ചായത്തിന് പൊതുമരാമത്ത് വകുപ്പ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ തദ്ദേശസ്വയംഭരണ വകുപ്പിലെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ നിർദ്ദേശത്തിൽ വാടക പുതുക്കി നിശ്ചയിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധേയമായ ഭാഗത്ത് സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി ഹാളിന്റെ വാടക പുതുക്കി നിശ്ചയിക്കുകയും വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്. മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പൊതു മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം നടന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ

സ്ഥാപനത്തിന്റെ അധികാര മേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 74 പുതിയ പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി. എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി പരിഗണിക്കുമ്പോൾ (34 എണ്ണം) ആകെ പ്രൊജക്ടുകളുടെ എണ്ണം 108 ആണ് . ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 6.6 കോടി രൂപയിൽ 1.98 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. (30% മാത്രം) പുതിയ പ്രൊജക്ടുകളിൽ 56 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നപ്പോൾ സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തില ഇത് 10 എണ്ണം വരുന്നുണ്ട്. നിർവ്വഹണത്തിലെ വീഴ്ചമൂലം താഴെ പറയും പ്രകാരം വിവിധ സർക്കാർ ഫണ്ടിനങ്ങളിൽ വകയിരുത്തിയ തുക വിനിയോഗിക്കാൻ സ്ഥാപനത്തിനായിട്ടില്ല.

| ഫണ്ടിനം | മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാത്ത തുക |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 594200 | 0 | 594200 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 13241847 | 3923080 | 9318767 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 19092275 | 8744203 | 10348072 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 2087800 | 0 | 2087800 |
| ആകെ | 35016122 | 12667283 | 22348839 |

ഇപ്രകാരം ചെലവഴിക്കാൻ കഴിയാത്ത 2.23 കോടി രൂപ, സ്പിൽഓവർ പ്രൊജക്ടിനുൾപ്പടെയുള്ളതും, തൻവർഷ ബജറ്റ് അലോട്ട്മെന്റ് പ്രകാരം യഥാർത്ഥത്തിൽ

ലഭ്യമല്ലാത്തതുമായ തുകകൂടി ഉൽപ്പെട്ടതാകയാൽ അത്രയും തുക നഷ്ടമായെന്ന് വിലയിരുത്താനാവില്ല. എന്നാൽ യഥാർത്ഥ ബജറ്റ് അലോട്ട്മെന്റിൽ ചെലവഴിക്കാതെ തൻവർഷം 1.41 കോടി രൂപ നഷ്ടമായതിൽ പ്രധാന പങ്ക് മരാമത്ത് മേഖലയ്ക്കാണെന്ന കാണാം. ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽ സ്ഥിതിവിശേഷവും തമ്മിലുള്ള വൻവിടവ്, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്.

1. വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം
2. സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ/നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം

എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 74 പുതിയ പദ്ധതികളിൽ 56 എണ്ണത്തിന് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ കരാർ വച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കരാർ വച്ച 56 പദ്ധതികൾ തന്നെ ഉടമ്പടി ഒപ്പുവയ്ക്കാൻ 1.10.18 മുതൽ 7.3.19 വരെയുള്ള കാലയളവ് വേണ്ടി വന്നു. ഇതിന്റെ നാൾവഴി താഴെ കൊടുക്കുന്നു.

| ക്രമ നം | മാസം | ആകെ വച്ച കരാറുകൾ |
|---|---|---|
| 1 | ഒക്ടോബർ | 2 |
| 2 | നവംമ്പർ | 3 |
| 3 | ഡിസംമ്പർ | 10 |
| 4 | ജനുവരി | 28 |
| 5 | ഫെബ്രുവരി | 1 |
| 6 | മാർച്ച് | 12 |

41 പദ്ധതികൾക്ക് കരാർ വച്ചത് അവസാന 3 മാസങ്ങളിലാണെന്ന് കണക്കുകൾ കാണിക്കുന്നു. ഇതിൽ തന്നെ 12 എണ്ണം മാർച്ചിലാണ്. 55 ശതമാനത്തിലധികം പുതിയ പ്രവൃത്തികൾ ഓഡിറ്റ് വർഷത്തിൽ പൂർത്തികരിച്ച് തുക ചെലവഴിക്കാനാവില്ലെന്ന വ്യക്തമായ ധാരണ ജനുവരി മാസത്തിൽ തന്നെ സ്ഥാപനത്തിനുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. എല്ലാ പ്രവൃത്തികളും അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ കോൺട്രാക്ട് സൊസൈറ്റിയെ ഏല്പിക്കാനാണ് തീരുമാനമെന്നതിനാൽ, അവയെല്ലാം സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ കരാർ വയ്ക്കാത്തത് വീഴ്ചയാണ്.

31.3.18 ന് ഡി പി സി അംഗീകാരം ലഭിച്ചെങ്കിലും, നിർവ്വഹണ ഏജൻസിയെ മുൻകൂട്ടി കണ്ടെത്തിയിട്ടും പുതിയ പ്രൊജക്ടുകൾക്ക് ഒക്ടോബർ മുതലാണ് കരാർ വച്ചതെന്നതിന്റെ കാരണം വ്യക്തമല്ല. വാർഷിക പദ്ധതിയ്ക്ക് ഡി പി സി അംഗീകാരം ലഭിച്ച ഉടൻ പ്രൊജക്ടുകൾക്ക് വെറ്റിംഗ്/ സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതിവിശേഷത്തിന് ഒരു കാരണമായിട്ടുണ്ടാകാം. (എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതിക്ക് സമർപ്പിച്ചതും സംബന്ധിച്ച വിശദാംശം നല്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല എന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തതയില്ല) പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്ടുകൾ തയ്യാറാക്കിയത് മേൽ സ്ഥിതിവിശേഷത്തിന് കാരണമായി.

പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തിക വർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകും വിധം ഇടപെടലുകൾ നടത്താനായിട്ടില്ല. ഒരു യോഗത്തിലും നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല. ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞ തരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ അപാകത ഭാവിയിൽ ഒഴിവാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന പ്രൊജക്ടുകൾ പ്രാധാന്യമനുസരിച്ച് നിർവ്വഹണതിന് മുൻളുക്കം കൊടുക്കേണ്ടതും അവ എല്ലാ തരത്തിലും പൂർണ്ണമായിരിക്കേണ്ടതുമാണ്. പരിമിതമായ ഫണ്ട് വകയിരുത്തി അപൂർണ്ണമായി പ്രൊജക്ടുകൾ തയ്യാറാക്കുന്നത്, ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തടസ്സമാകുന്നതിനൊപ്പം പ്രൊജക്ടുകളുടെ എണ്ണം കൂടുന്നതിനും ആത്യന്തികമായി ധനനഷ്ടത്തിനും ഇടയാക്കും

2. സ്ഥാപനത്തിൽ ലഭ്യമായ ധനപരവും മാനുഷികവുമായ വിഭവങ്ങൾക്ക് അനുസൃതമായി പ്രൊജക്ടുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണ്.

3. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, നിയമങ്ങളും ചട്ടങ്ങളും തങ്ങളിലേല്പിച്ച ചുമതലകൾ തിരിച്ചറിഞ്ഞ് ഇടപെടലുകൾ നടത്തേണ്ടതും, ആസൂത്രണം മുതൽ പദ്ധതി നിർവ്വഹണം വരെയുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്.

4. പൊതുമരാമത്ത് മേഖലയിൽ സ്ഥാപനത്തിനുള്ള സ്റ്റാഫ് ഷോർട്ടേജ് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹാരം കാണാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-13 മരാമത്ത് പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നത് -നിബന്ധനകൾ കാലഹരണപ്പെട്ടത്

നിർവ്വഹണം – അസി എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്നത്. പ്രധാനമായും അക്രഡിറ്റഡ് ഏജൻസിയാണ് നിർവ്വഹണം നടത്തിയതെങ്കിലും ടെണ്ടർ നടപടിയിലൂടേയും നിർവ്വഹണം നടന്നിട്ടുണ്ട്. രണ്ട് രീതിയിൽ നിർവ്വഹിക്കപ്പെട്ടവയുടെ കാര്യത്തിലും മേൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

**<u>സ്പെസിഫിക്കേഷൻ</u>**

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം,പ്രവൃത്തിയുടെ അളവുകൾ,കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്നു കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്. കൂടാതെ അക്രഡിറ്റഡ് ഏജൻസിയുമായി വച്ച കരാറുകളിൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുമില്ല.

**<u>പിഴ സംബന്ധിച്ച അപാകത</u>**

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്നു. 2012 ൽ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ

1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2%പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിതകാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്. കൂടാതെ പിഴ സംബന്ധിച്ചും അക്രഡിറ്റഡ് ഏജൻസിയുമായി വച്ച കരാറുകളിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുമില്ല.

**പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം**

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭാവ്യമാണെന്ന് കാണാം. ഉദാഹരണമായി 158/19 നമ്പർ സ്പിൽ ഓവർ പ്രൊജക്ടിന്റെ കരാർ വച്ചിരിക്കുന്നത് 27.3.18 നാണെങ്കിലും പ്രൊജക്ടിൽ 2017-18 വർഷത്തെ ഏകവർഷ പ്രൊജക്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് 27.3.18 തീയതിയിൽ കരാർ വച്ച പ്രവൃത്തി 3.13.18ന് പൂർത്തീകരിക്കുമെന്നാണ് കരാറുകാരൻ ഉറപ്പ് നല്കിയിരിക്കുന്നത്. കരാർ നിഷ്കർഷിക്കുന്ന എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ ഇത്തരത്തിലുള്ള വസ്തുതകളുടെ സാംഗത്യം പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവർത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

നിർവ്വഹണം : അസി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ ബിൽ തുക നല്കിയ 14 പ്രൊജക്ടുകളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയത് 1.4.17 ന ശേഷമായതിനാൽ എസ്റ്റിമേറ്റ് കോസ്റ്റ്

കണക്കാക്കിയത് അടിസ്ഥാന നിരക്കിനൊപ്പം മേൽ തീയതിമുതൽ പ്രാബല്യത്തിലുള്ള 42.16% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് കണക്കാക്കിയാണ്. എന്നാൽ മേൽ പദ്ധതികളെല്ലാം കരാർ വച്ച് നിർവ്വഹണത്തിനായി കൈമാറിയത് 2018 ജനവരി മുതൽക്കാണ്. ഇതിനിടയിൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 38.24 % ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് മേൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് 1.4.17 മുതലുള്ള കോസ്റ്റ് ഇൻഡെക്സിന്റെ പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 3.92 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം വരുത്തിവച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും നഷ്ടം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. മേല്പറഞ്ഞ 14 പ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു

പ്രൊജക്ടുകൾ-

190/19, 172/19, 274/19, 159/19, 170/19, 273/19, 168/19, 157/19, 161/19, 193/19, 191/19, 160/19, 173/19, 158/19

## 1-15 പുതിയ റോഡുകളുടെ നിർമ്മിതിക്ക് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിച്ചു

നിർവ്വഹണം : അസി.എഞ്ചിനീയർ

18-19 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം പുതിയ റോഡുകളുടെ നിർമ്മിതിക്കായി വിനിയോഗിച്ചിട്ടുണ്ട്. തനത് ഫണ്ടിനൊപ്പം ഗ്രാന്റ് തുക വകയിരുത്തിയാണ് വിനിയോഗിച്ചിരിക്കുന്നത്. പൊതു ആവശ്യ ഗ്രാന്റിന്റേയും മെയിന്റനൻസ് ഗ്രാന്റിന്റേയും വിനിയോഗം സംബന്ധിച്ച 9.12.2004 ലെ ജി.ഒ(എം.എസ്) 330/2004/LSGD നമ്പർ പ്രകാരമുള്ള മാർഗ്ഗരേഖയിലും, ഇതിനെ തുടർന്ന് പുറപ്പെടുവിച്ച നിരവധി ഉത്തരവുകളിലും സർക്കുലറുകളിലും മേൽ ഫണ്ടുകൾ എപ്രകാരം വിനിയോഗിക്കണമെന്ന് വിശദമാക്കിയിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിക്കാവൂയെന്ന് മാർഗ്ഗരേഖ വ്യക്തമാക്കുന്നു. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമാണ് വിഹിതം വിനിയോഗിക്കേണ്ടതെങ്കിലും സോളിംഗ് വരെ നടത്തിയ റോഡുകൾക്കും തുക വിനിയോഗിക്കാമെന്ന് സർക്കാർ പിന്നീട് നിബന്ധനയിൽ ഇളവുവരുത്തി. എന്നാൽ ഒരുകാരണവശാലും ഇത് പുതിയ റോഡുകളുടെ നിർമ്മിതിക്ക് വിനിയോഗിക്കാൻ പാടില്ലാത്തതാണ്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഗ്രാന്റ് വിനിയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുക വകമാറ്റി ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതുമാണ്. റോഡുപ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമം നം | പ്രവൃത്തി | ആകെ ചെലവുതുക | മെയിന്റനൻസ് ഗ്രാന്റ് ചെലവ് തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 173/19 – പിണങ്ങോട്ട് മുക്ക് ഇത്തിൾ കുന്ന് മുക്ക് റോഡ് ടാറിംഗ് | 680095 | 675021 (Q bill ആയി) |
| 2 | 159/19 കോമത്ത് മുക്ക് കഞ്ഞിപുരയിൽ റോഡ് ടാറിംഗ് | 984691 | 500000 |
| 3 | 274/19 കാവക്കൽതാഴ ഒവ്വൽതാഴ ചാറ്റുകുളം റോഡ് ടാറിംഗ് | 1096412 | 531261 |
| 4 | 170/19 കുഞ്ഞിപ്പരമ്പത്ത് മുക്ക്പുതിയാടത്തില താഴറോഡ് ടാറിംഗ് | 661265 | 450000 |

## 1-16 അക്രഡിറ്റഡ് ഏജൻസിക്ക് കരാറുകാരന്റെ ലാഭം അനുവദിച്ചു

നിർവ്വഹണം – അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ ബിൽ തുക നല്കിയ ഭൂരിഭാഗം പ്രവൃത്തികളും നിർവ്വഹിച്ചിരിക്കുന്നത് അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ്. ചില പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തിയാണെന്നും ഇത് ഉൾപ്പടെയാണ് കരാറുകാർക്ക് തുക നല്കിയതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തികളുടെ കരാറിലെ 14ാം നമ്പർ വ്യവസ്ഥ അടിസ്ഥാനപ്പെടുത്തിയാണ് കരാറുകാരന്റെ ലാഭം നല്കിയിരിക്കുന്നത്. 16.6.2015 ലെ 230/15/Fin നമ്പർ സർക്കാർ ഉത്തരവു പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് കരാറുകാരന്റെ ലാഭം അനുവദിക്കാമെന്നതിനാൽ സൊസൈറ്റിക്ക് എസ്റ്റിമേറ്റിന്റെ 10% ലാഭം അനുവദിക്കുമെന്നതാണ് മേൽ വ്യവസ്ഥ. മേൽ ഉത്തരവു പ്രകാരം കരാറുകാരന്റെ ലാഭം അനുവദിക്കാമെങ്കിലും ലാഭം അനുവദിക്കപ്പെട്ട എല്ലാ പ്രവൃത്തികൾക്കും കരാർ വയ്ക്കുമ്പോൾ ഉത്തരവിന്റെ സാധുത നിലവിലുണ്ടായിരുന്നില്ല. 25.7.2017 ലെ 95/17/Fin നമ്പർ സർക്കാർ ഉത്തരവിൽ മേൽ വ്യവസ്ഥയ്ക്ക് മാറ്റം വന്നിരുന്നു. (എല്ലാ പ്രവൃത്തികൾക്കും കരാർ വച്ചിരിക്കുന്നത് 2018 ജനവരി മുതൽക്കാണ്) അക്രഡിറ്റഡ് ഏജൻസികൾ നേരിട്ട് നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് കരാറുകാരന്റെ ലാഭം അനുവദിക്കില്ലെന്നും പ്രവൃത്തി നിർവ്വഹിക്കുന്നതിന് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ കരാറുകാരെ കണ്ടെത്തുന്ന പ്രവൃത്തികൾക്ക് മാത്രമേ ഏജൻസികൾക്ക് ലാഭം അനുവദിക്കുവെന്നും മേൽ ഉത്തരവ് വിശദമാക്കുന്നു. എന്നാൽ നേരിട്ട് നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് ഓവർ ഹെഡ്ഡ് ചാർജ്ജിനൊപ്പം അർഹമായ നിരക്കിൽ സെന്റേജ് ചാർജ്ജ് അനുവദിക്കാമെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ഒരു കോടി രൂപ വരെ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികളുടെ കാര്യത്തിൽ

പരമാവധി 8% സെന്റേജ് ചാർജ്ജ് നല്കാമെന്നാണ് ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത് പരിഗണിക്കുമ്പോൾ തന്നെ ആകെ പ്രവൃത്തി മൂല്യത്തിന്റെ 2% അധികച്ചെലവ് മേൽ പ്രവൃത്തികളുടെ കാര്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ 30.7.2014 ലെ 311/14/Fin നമ്പർ ഉത്തരവു പ്രകാരമുള്ള അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖയിൽ പ്രവൃത്തികളുടെ പ്ലാനിംഗ്, ഡിസൈനിംഗ്, ടെണ്ടറിംഗ്, സൂപ്പർവിഷൻ, സൈറ്റ് കൈമാറൽ, ഉൾപ്പടെയുള്ള കാര്യങ്ങൾക്കാണ് ഈ നിരക്കിൽ സെന്റേജ് അനുവദിക്കാവുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ പൂർണ്ണമായും നിർവ്വഹിക്കുന്നത് ഗ്രാമപഞ്ചായത്തായതിനാൽ സെന്റേജ് ചാർജ്ജ് നിരക്ക് ഇത് കൂടി പരിഗണിച്ച് നിശ്ചയിക്കേണ്ടതുണ്ടെന്നും അധിക ചെലവിന്റെ വ്യാപ്തി വർദ്ധിക്കുന്നതാണെന്നും കാണാം. സ്ഥാപനത്തിന് അധികബാധ്യത വരത്തക്ക വിധത്തിൽ ഏജൻസിക്ക് തുക നല്കിയതിന് വിശദീകരണം നൽകേണ്ടതാണ്. പ്രൊജക്ടുകൾ താഴെ പ്രതിപാദിക്കുന്നു.

173/19, 159/19, 274/19, 172/19, 190/19, 170/19, 160/19, 157/19, 168/19, 193/19, 191/19, 161/19

## 1-17 മരാമത്ത് പ്രവൃത്തിബില്ലുകളിൽ നിന്നും ജി എസ് ടി ഈടാക്കിയതിൽ കുറവ് വന്നു

നിർവ്വഹണം – അസി.എഞ്ചിനീയർ

1.07.2018 മുതൽ നല്കുന്ന മരാമത്ത് ബിൽ തുകകളിൽ നിന്നും 2% നിരക്കിൽ ജി എസ് ടി ഈടാക്കേണ്ടതുണ്ട്. ഓഡിറ്റ് വർഷത്തിൽ അവസാനബിൽ തുക നല്കിയ ചില പ്രവൃത്തിളുടെ കാര്യത്തിൽ ഈടാക്കിയ നികുതി ഇതിൽ കുറവാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ജി എസ് ടി കണക്കാക്കേണ്ടത് ആകെ പ്രവൃത്തി മൂല്യത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നിരിക്കെ, ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ കുറവുവരുത്തി ലഭിക്കുന്ന തുകയെ അടിസ്ഥാനപ്പെടുത്തി നികുതി നിശ്ചയിച്ചതുകൊണ്ടാണ് അപാകത സംഭവിച്ചത്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | ആകെ പ്രവൃത്തി മൂല്യം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് | അവസാന ബിൽ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | 160/19- ചേളൂർ താഴ കുന്നത്ത് താഴ റോഡ് റീടാറിംഗ് | 800000 | 16000 | 760 | 15240 | 37978 ബിൽ നം 6/6.12.18 | 19093/- രൂപ കോംമ്പൻസേഷനായി കുട്ടിനല്കിയെങ്കിലും അവസാനബിൽ തുകയ്ക്കുള്ള നിരക്ക് മാത്രമാണ് ഈടാക്കിയത് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 2 | 173/19-പിണങ്ങോട്ട് മുക്ക് ഇത്തിൾ കുന്ന് മുക്ക് റോഡ് ടാറിംഗ് | 680095 | 13602 | 11780 | 1822 | 463345<br>ചെ നം 571241/ 28.3.19 | |
| 3 | 51/19വയനോളിതാഴ റോഡ് | 409791 | 8196 | 7098 | 1098 | 409791<br>ചെ നം 571248/ 30.3.19 | |
| 4 | 95/19-ഞാറ്റോത്ത് താഴ വെങ്ങളത്ത് താഴ റോഡ് | 611182 | 12224 | 10586 | 1638 | 611182<br>ചെ നം 571241/ 28.3.19 | |
| 5 | 191/19ചീളിൽമുക്ക് പിണങ്ങോട്ട് താഴ റോഡ് | 1458609 | 29172 | 25266 | 3906 | 1458609<br>ചെ നം 571241/ 28.3.19 | |
| 6 | 287/19- തയ്യിൽതാഴ ഹൈസ്കൂൾ റോഡ് റീടാറിംഗ് | 1706641 | 34127 | 29562 | 4565 | 1706641 ബിൽ നം 29/2.3.19 | |
| 7 | 193/19- പാറോള്ളതിൽ മുക്ക് തട്ടോളിമുക്ക് റോഡ് റീടാറിംഗ് | 496004 | 9920 | 8592 | 1328 | 496004 ബിൽ നം 21/12.3.19 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | 288/19<br>അയ്യപ്പൻകാവ് കുളങ്ങരകണ്ടി റോഡ് റീടാറിംഗ് | 399958 | 7999 | 6928 | 1071 | 399958<br>ബിൽ നം 22/12.3.19 | |
| | | | | | 30668 | | |

മേല്പറഞ്ഞവ കൂടാതെ ഓഡിറ്റ് വർഷത്തിൽ ഭാഗിക ബിൽ തുക നല്കിയ ചില പ്രവൃത്തികളുടെ കാര്യത്തിലും അപാകത സംഭവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നൽകേണ്ടതും കുറവ് വന്ന തുക നികുതി വകുപ്പിന് ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-18 മരാമത്ത് പ്രവൃത്തികൾ-കോൺക്രീറ്റിന്റെ ഡാറ്റായിൽ സിമന്റിന് അധികനിരക്ക്

നിർവ്വഹണം - അസി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ ചിലതിൽ ഐറിഷ് ഡ്രെയിൻ ഉൾപ്പടെയുള്ള കോൺക്രീറ്റ് പ്രവൃത്തി ഉൽപ്പെടുന്നുണ്ട്. CPWD സ്പെസിഫിക്കേഷനിലെ 11.4.3.1 നമ്പർ പ്രകാരമുള്ള ഇനമാണ് (od127991/2017-18 എന്ന ഇനമായാണ് ഇത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ തന്നെ 2018-19 വർഷത്തെ od ഇനം നമ്പർ വ്യത്യസ്തമാണ്) ഈ പ്രവൃത്തികളിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ക്യൂബിക് മീറ്ററിന് 7874.39 നിരക്ക് കണക്കാക്കിയ മേൽ ഇനത്തിന്റെ ഡാറ്റാ പരിശോധിച്ചതിൽ സിമന്റിന് 5792.24/ടൺ നിരക്കാണ് ഉൾപ്പെടുത്തിയതെന്നു കാണുന്നു. 2016 ലെ DSR നിരക്ക് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നതിനാൽ സിമന്റിന് ഇതിൽ കൊടുത്തിരിക്കുന്ന 5700/ടൺ നിരക്കാണ് സ്വീകരിക്കേണ്ടിയിരിക്കുന്നത്. നിരക്കിലുള്ള മേൽ വ്യതിയാനത്തിന് വിശദീകരണം നൽകേണ്ടതാണ്. ഇത്തരത്തിലുള്ള ഒരു പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു. പ്രൊ നം.193/19-പാറോള്ളതിൽമുക്ക് തട്ടോളിമുക്ക് റോഡ് ടാറിംഗ്-ഇനം 9

## 1-19 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയ ബന്ധിതമായി അനുവദിച്ചില്ല.

ജി.ഒ.(പി)/നം/105/2002 ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകളിന്മേൽ പെൻഷൻ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന വിവിധ പെൻഷനുകളിന്മേൽ സമയ പരിധി കഴിഞ്ഞാണ് അപേക്ഷ അനുവദിച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പെൻഷനുകൾ | അപേക്ഷകരുടെ എണ്ണം | സമയ പരിധിക്കുള്ളിൽ | സമയ പരിധി കഴിഞ്ഞ് | നിരസിച്ചവയുടെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | അനുവദിച്ചവയുടെ എണ്ണം | അനുവദിച്ചവയുടെ എണ്ണം | |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 108 | 37 | 13 | 58 |
| അഗതി പെൻഷൻ | 39 | 18 | 17 | 3 |
| വികലാംഗ പെൻഷൻ | 30 | 28 | 1 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 24 | 22 | 1 | 1 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 12 | 0 | 12 | 0 |
| തൊഴിൽ രഹിതർക്കുള്ള പെൻഷൻ | 5 | 0 | 0 | 3 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹധന സഹായത്തിനുള്ള അപേക്ഷ | 19 | 7 | 12 | 0 |

സുരക്ഷാ പെൻഷനുകൾ സമയ ബന്ധിതമായി അനുവദിക്കേണ്ടതാണ്.

## 1-20 അങ്കണവാടികൾക്ക് ഗാർഹിക ഗ്യാസ് കണക്ഷൻ ലഭ്യമാക്കിയില്ല

2012-13 വർഷത്തിലാണ് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾക്ക് ഗ്യസ് കണക്ഷൻ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കിയത്. ശ്രീകിഷ് ഗ്യസ് ഏജൻസി വടകര മുഖേന വാണിജ്യാവശ്യങ്ങൾക്ക് നൽകുന്ന കണക്ഷനാണ് നൽകിയിരിക്കുന്നത്. നാല് അങ്കണവാടികളിൽ ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ മറ്റിടങ്ങളിൽ നൽകിയിട്ടില്ല. ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ 34 അങ്കണവാടികളിൽ ഗ്യസ് റീഫിൽ ചെയ്യുന്നതിനായി അധിക തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. സബ്സിഡി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/18-19/3.2.20) മറുപടി നൽകിയിട്ടില്ല. എല്ലാ അങ്കണവാടികൾക്കും ഗാർഹിക കണക്ഷനാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 ഐ.കെ.എം. ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 7/19 |
| അടങ്കൽ | 68213 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 68,213/- |
| ബിൽ നം. തി. | 13/18-19/14.08.18 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഐ.കെ.എം.ന് 68,213/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 68,213/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 തുടർസാക്ഷരത- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭ അംഗീകരിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 295/19 |
| അടങ്കൽ | 27000 |

| | |
|---|---|
| ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | 27,000/- |
| ബിൽനം. തി. | 14/19 /14.08.2018 |

ഗ്രാമപഞ്ചായത്തിലെ 10ാം തല്യതാ പഠിതാക്കളായ 15 ഗുണഭോക്താക്കളുടെ കോഴ്സ് ഫീ ജില്ലാ സാക്ഷരതാ മിഷനിൽ അടയ്ക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭകളിൽ നിക്ഷിപ്തമാണെന്നിരിക്കേ, ഗ്രാമസഭകളറിയാതെ ഗുണഭോക്താക്കളെ തീരുമാനിക്കുന്നത് ശരിയായ നടപടിയല്ല. ആസൂത്രണ പ്രക്രിയയിൽ ഓരോ കമ്മിറ്റികൾക്കുമുള്ള ഉത്തരവാദിത്തങ്ങൾ അവ നിർവ്വഹിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും, ഭരണ സമിതിയും പരിശോധിച്ച് ഉറപ്പുവരുത്താത്തത് കൊണ്ടാണ് ഇത്തരം അപാകതകൾക്ക് കാരണമാകുന്നത്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റ് ഉപയോഗിച്ച് പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/18-19/3.2.20) മറുപടി നൽകിയിട്ടില്ല. അപാകതകൾ കാരണം ചെലവ് തുക 27,000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച.

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | എം.ഒ. (സി.എച്ച്.സി) |
| പ്രോജക്ട് നം | 81/19 |
| അടങ്കൽ | 600000 |
| ഫണ്ട് | തനത് |
| ചെലവ് | 6,23,430/- |
| ചെക്ക്നം/തീയതി | 2060160/19.11.18 |

1.വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

(a) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും

ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. യോഗങ്ങളിൽ മെമ്പർ സെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന-അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസ യോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപ രേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(b) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തീയതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക) എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

2. പാലിയേറ്റീവ് കെയർ വാഹനം

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി ഫണ്ടിൽ നിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹന ചെലവുമായി ബന്ധപ്പട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. പാലിയേറ്റീവ് കെയറിന് സ്വന്തമായി വാഹനം ഉണ്ട് എന്നാൽ ഈ വാഹനം രേഖാമൂലം എച്ച്.എം.സി കൺവീനറായ മെഡിക്കൽ ഓഫീസർക്ക് സെക്രട്ടറി കൈമാറിയിട്ടില്ല. ഈ വാഹനത്തിന്റെ കസ്റ്റോഡിയൻ മെഡിക്കൽ ഓഫീസറായിരിക്കേണ്ടതാണ്. വാഹനം എച്ച്.എം.സി.യുടെ പൂർണ്ണ ചുമതലയിലും ഉത്തരവാദിത്വത്തിലുമാണ് ഉപയോഗിക്കേണ്ടത്. എച്ച്.എം.സി.യുടെ കൺവീനറായ മെഡിക്കൽ ഓഫീസർക്ക് ഇക്കാര്യത്തിൽ വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സ.ഉ.(എം.എസ്) നം.170/07/തസ്വഭവ തി.30.06.2007 ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വാഹനത്തിന്റെ ലോഗ് ബുക്ക് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. മറ്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

3. സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതല

സ.ഉ.(സാധാ) നം 3217/2015/ത.സ്വ.ഭ.വ/ 29.10.2015 ഖ.2-11-4ൽ ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായോ, തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച്

അറിയിക്കേണ്ടതാണ്.

## 1-24 ജാഗ്രതാ സമിതി - പ്രവർത്തനം കാര്യക്ഷമമല്ല

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ |
| പ്രോ.നം | 80/19 |
| അടങ്കൽ | 50,000 |
| ഫണ്ട് | തനത് |
| ചെലവ് | 50,000 |

മേൽ സൂചിപ്പിച്ച പ്രകാരം ഗ്രാമപഞ്ചായത്തിൽ വാർഡ് തലത്തിൽ ജാഗ്രതാസമിതികൾ സംഘടിപ്പിക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമമോ, അവഗണനയോ, ഏത് തലത്തിൽ/എവിടെ ഉണ്ടായാലും അതിനോട് പ്രതികരിക്കുകയും കുറ്റക്കാർക്കെതിരെ കർക്കശമായ നടപടികളെടുക്കുകയും ചെയ്യുക. സ്ത്രീകൾക്കും കുട്ടികൾക്കും സധൈര്യം സ്വതന്ത്രമായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക അവർക്കാവശ്യമായ പിന്തുണ നൽകുകയും ഒറ്റയ്ക്കല്ല എന്ന തോന്നൽ ഉണ്ടാക്കത്തക്കവിധം പ്രവർത്തിക്കുകയും ചെയ്യുക. അവർക്ക് ആവശ്യമായ നിയമപരിരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയവ നിർവ്വഹിക്കാനുള്ള സംവിധാനമെന്ന നിലയിൽ പ്രാദേശിക സർക്കാർ തലത്തിൽ ജാഗ്രതാസമിതികൾ പ്രവർത്തിച്ച് വരുന്നു.

സ.ഉ. (എം.എസ്.) നം.31/07 സാ.ക്ഷേ.വ. തീയതി 23.06.2007 പ്രകാരം ജാഗ്രതാ സമിതികളുടെ സംഘാടനം സംബന്ധിച്ച് സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തല ജാഗ്രതാ സമിതി അവസാനമായി യോഗം ചേർന്നത് 31.10.2013 നാണ് ഇതിന് ശേഷം യോഗം ചേർന്നിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ സ്ത്രീകളും കുട്ടികളും നേരിടുന്ന ബഹുമുഖമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സക്രിയമായ പങ്ക് വഹിക്കേണ്ട ജാഗ്രതാ സമിതികൾ പ്രവർത്തനരഹിതമാവുന്ന അവസ്ഥ ഗ്രാമപഞ്ചായത്തലെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പും ഇത് സംബന്ധിച്ച് കാര്യമായ ഇടപെടലുകൾ നടത്താത്തതാണ് ജാഗ്രതാ സമിതികളുടെ നിഷ്ക്രിയാവസ്ഥക്ക് കാരണമാവുന്നത്. പഞ്ചായത്ത് തല ജാഗ്രതാ സമിതി കഴിഞ്ഞ ഏഴ് വർഷമായി യോഗം ചേരാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതും, കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചും അറിയിക്കേണ്ടതാണ്.

## 1-25 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി

## ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 10/19 |
| അടങ്കൽ | 1530000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 1530000/- |
| ബിൽ നം. തി. | 11/2018-19 /18.7.2018 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.07.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധയിക്കായി ചെലവഴിച്ച 15,30,000/- രൂപ തടസ്സത്തിൽ വെക്കുന്നു

## 1-26 അങ്കണവാടിക്ക് സ്റ്റീൽ കുക്കർ വാങ്ങൽ, ടെണ്ടർ എടുത്ത ഏജൻസി സാധനം വിതരണം ചെയ്യാത്തതിനെതിരെ നടപടി സ്വീകരിച്ചില്ല.

ഗ്രാമ പഞ്ചായത്തിലെ 34 അങ്കണവാടികൾക്ക് ഫർണ്ണീച്ചറും സ്റ്റീൽ പത്രങ്ങളും വാങ്ങുന്നതിനായി താഴെ സൂചിപ്പിച്ച തുകചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രോജക്ട് നം. | 225/19 |
| അടങ്കൽ | 3,50,000 |
| ഫണ്ട് | എം.ജി (N.R) |
| ചെലവ് | 179869/- |
| ബിൽ നം. തി. | 1/18-19/21.05.18 |

അങ്കണവാടികൾക്ക് സ്റ്റീ അലമാര (24 എണ്ണം), സ്റ്റീൽ ടേബിൾ (7 എണ്ണം),ബേബി ബഞ്ച്

(6 എണ്ണം),സ്റ്റീൽ ഗ്ലാസ് (340 എണ്ണം) സ്റ്റീൽ കുക്കർ (34 എണ്ണം) എന്നിവ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ലഭിച്ചത് ഫിഡ്കോ ഏജൻസീസ് ഒളവണ്ണ, കോഴിക്കോട് എന്ന സ്ഥാപനത്തിനാണ്. 07.03.2018 ന് നിർവ്വഹണ ഉദ്യോഗസ്ഥ ഫിഡ്കോയുമായി കരാർ ഒപ്പുവെച്ചെങ്കിലും സാധനങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ കരാറിൽ എഴുതിച്ചേർത്തിട്ടില്ല. 2017–18 വർഷം നടപ്പാക്കിയ പദ്ധതി തുക നൽകാൻ കഴിയാത്തതിനാൽ 2018–19 വർഷത്തേക്ക് സ്പിൽ ഓവറായി തുടരുകയും ഓഡിറ്റ് വർഷം പേമെന്റ് നടത്തുകയുമാണുണ്ടായത്. സ്റ്റീൽ കുക്കർ ഒഴികെയുള്ള മറ്റ് സാധനങ്ങൾ ഫിഡ്കോ വിതരണം ചെയ്യുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥ നിരവധി തവണ ഏജൻസിയുമായി ബന്ധപ്പെട്ടെങ്കിലും സാധനം വിതരണം ചെയ്തില്ല. ഇത് സംബന്ധിച്ച് പ്രൊക്വയർമെന്റ് കമ്മിറ്റിയിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ,ചർച്ച നടക്കുകയുണ്ടായില്ല. അങ്കണവാടിക്ക് സ്റ്റീൽ കുക്കർ കിട്ടാത്തതിനാൽ 2019-20 വർഷം വീണ്ടും പദ്ധതിയിലുൾപ്പെടുത്തി വാങ്ങി നൽകുകയാണുണ്ടായത്.(പ്രൊജക്ട് നം.15/2020).

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ പദ്ധതിതുക നഷ്ടമാക്കുകയും, സാധനം വിതരണം ചെയ്യാതിരിക്കുകയും ചെയ്ത് കരാർ ലംഘിച്ച ഈ ഏജൻസിക്കെതിരെ നിയമ നടപടി സ്വീകരിച്ച് നഷ്ടപരിഹാരം ഈടാക്കാതിരുന്നതിന്റെ കാരണം വ്യകതമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയിലോ, വികസന കാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയിലോ ചർച്ച നടന്നതായി കാണുന്നില്ല. കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ ഉചിതമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-27 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറിയില്ല.

ഗ്രാമപഞ്ചായത്തിലെ രണ്ട് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഇപ്പോഴും തനത് ഫണ്ട് ഉപയോഗിച്ചാണ് അടച്ച് വരുന്നത്. കുന്നമ്മക്കര ലക്ഷം വീട് കുടിവെള്ള പദ്ധതി, കാറ്റാടി കുടിവെള്ള പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജാണ് നിലവിൽ അടച്ച് വരുന്നത്. സ.ഉ.(കൈ) നം. 11/2018/ തസ്വഭവ.തി.29.01.2018 ഖ. 7-1 ൽ കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും, സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെയാണ് വൈദ്യുതി ചാർജ് അടച്ചുവരുന്നത്. ഓഡിറ്റ് വർഷം കുന്നമ്മക്കര ലക്ഷം വീട് കുടിവെള്ള പദ്ധതിക്ക് 7694/- രൂപയും, കാറ്റാടി കുടിവെള്ള പദ്ധതിക്ക് 4253/- രൂപയും അടയ്ക്കുകയുണ്ടായി. സർക്കാർ നിർദ്ദേശം പാലിക്കാതെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കുടിവെള്ള പദ്ധതികൾ കരാർ വെച്ച് ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്ക് റിപ്പയർ – സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ റിപ്പയർ നടത്തുന്നതിനാണ് ഈ പദ്ധതി നിർവ്വഹണം നടത്തിയത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 243/19 |
| അടങ്കൽ | 4,00,000 |
| ഫണ്ട് | തനത് |
| ചെലവ് | 400000/- |
| ബിൽ നം. തി. | 27/2018-19 /20.3.2019 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കേടായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് 15.09.2011 ലെ നം.3055/ഡി.എ3/2011/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എത്ര തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യേണ്ടതുണ്ട്, ഏതൊക്കെതരം, ബൾബുകൾ മാറ്റിയിടേണ്ടവ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് വിശദമായ പഠനം നടത്താതെയാണ് പദ്ധതി നടപ്പാക്കിയത്. ഇത്തരം പ്രവൃത്തികൾ കെ.എസ്.ഇ.ബി ഒഴികെയുള്ള ഏജൻസികൾക്ക് എ.എം.സി നൽകാവുന്നതാണെന്നും, പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സാധനങ്ങൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും, ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി യുടെ നിരക്കിനേക്കാൾ കുറഞ്ഞിരിക്കേണ്ടതുമാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. മാത്രമല്ല പ്രവൃത്തി നൽകിയത് എ.എം.സി.വ്യവസ്ഥയിലല്ല.
2. സി.പി. ബിജു കൽപ്പത്തൂർ എന്നയാളാണ് പ്രവൃത്തി ടെൻഡർ എടുത്തത്. കരാറുകാരനുമായി സെക്രട്ടറി കരാർ വെച്ചിട്ടുണ്ട്. (നം3/18-19/7.7.18) എന്നാൽ എന്തൊക്കെ പ്രവർത്തികളാണ് ചെയ്യേണ്ടത്, ഇതിന്റെ സമയപരിധി എന്നിവ സൂചിപ്പിച്ച് വ്യക്തമായ വ്യവസ്ഥകൾ എഗ്രിമെന്റിൽ എഴുതിച്ചേർത്തിട്ടില്ല
3. പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
4. ഒരോ വാർഡിലേയും പ്രവൃത്തി സംബന്ധിച്ച് അതാത് വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയത്.

തെരുവ് വിളക്ക് റിപ്പയർ ചെയ്തതുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലോ,

വികസന കാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയിലെ ചർച്ചകൾ നടന്നതായി കാണുന്നില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ തെരുവ് വിളക്ക് റിപ്പയർ നടത്തിയ വകയിൽചെലവഴിച്ച 4,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-29 ബഡ്സ് സ്കൂൾ നടത്തിപ്പിലെ അപാകതകൾ

ഗ്രമപഞ്ചായത്തിലെ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി ബഡ്സ് സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഓഡിറ്റ് വർഷം താഴെ സൂചിപ്പിച്ച പ്രകാരം ഇതിന്റെ നടത്തിപ്പിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം | 115/19 |
| അടങ്കൽ | 1300922 |
| ഫണ്ട് | വികസനം, തനത് |
| ചെലവ് | 986830/- |
| ബിൽ നം. തി. | 1/19/ 18.7.2018 |

സ.ഉ. (എം.എസ്) നം. 148/2009 തസ്വഭവ തി. 29.07.20109 പ്രകാരം ബഡ്സ് സ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തുന്നതായി കാണുന്നു.

ബഡ്സ് സ്കൂൾ കെട്ടിടത്തിൽ ഓഡിയോളജി മുറി, ക്ലാസ് മുറികൾ, ഫിസിയോ തെറാപ്പിമുറി, ശുചി മുറികൾ, ഒക്കുപ്പേഷണൽ തെറാപ്പി ആന്റ് കൗൺസിലിംഗ് മുറി, ഓഫീസ് മുറി, ഭക്ഷണ മുറി, വൊക്കേഷണൽ പരിശീലന മുറി, അടുക്കള, വിനോദ മുറി, എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. കെട്ടിടത്തിൽ റാംപ്, റെയിൽ സൗകര്യം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ 2001 മുതൽ പ്രവത്തിച്ച് വരുന്ന ഈ സ്ഥാപനം ഇപ്പോഴും ഒരു പഴയ വാടക വീട്ടിലാണ് പ്രവർത്തിച്ച് വരുന്നത്. സ്വന്തമായി കെട്ടിടം പണിയുന്നതിന് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

ബഡ്സ് സ്കൂളുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:8 ആയിരിക്കേണ്ടതാണ്. (ഉത്തരവ് നം.സ.ഉ.(എം.എസ്) 20/2018/തസ്വഭവ.തി.7.2.18) എന്നാൽ ഇവിടെ 36 വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപിക മാത്രമാണുള്ളത്. ഇവർക്ക് മേൽ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള യോഗ്യതയില്ല. അംഗീകൃത പരിശീലനം സിദ്ധിച്ച (ആർ.സി.ഐ) മൂന്ന് അധ്യാപകരും, രണ്ട് ആയമാരും, ഒരു പാചകക്കാരിയും സ്കൂളിൽ ഉണ്ടായിരിക്കണം.എന്നാൽ ഈ ഉത്തരവ് പൂർണ്ണമായും സ്ഥാപനത്തിൽ പ്രാവർത്തികമാക്കിയിട്ടില്ല. സ്ഥാപനത്തിന് നിശ്ചിത യോഗ്യതയുള്ള അധ്യാപികയെ നിയമിക്കാൻ ഭരണ സമിതി നടപടികൾ സ്വീകരിച്ചിട്ടില്ല. തെറാപ്പിസ്റ്റുകൾ, വൊക്കേഷണൽ ട്രെയിനർ എന്നിവരുടെ സേവനം സ്കൂളിൽ ഏർപ്പെടുത്തിയിട്ടില്ല.

ജി.ഒ.(എം.എസ്) നം.152/09/തസ്വഭവ.തി.1.8.2009 പ്രകാരമുള്ള ഉത്തരവിൽ ബഡ്സ്

സ്കൂളുകൾക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും,അസി.സക്രട്ടറി സെക്രട്ടറി കം ട്രഷററായും എല്ലാ സ്റ്റന്റിംഗ് കമ്മിറ്റി ചെയർമാൻമാർ മെമ്പർമാർ അംഗങ്ങളായും ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.ഈ കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് സ്ഥാപനത്തിന്റെ നടത്തിപ്പ് അവലോകനം ചെയ്യേണ്ടതാണ്. എന്നാൽ ഈ കമ്മിറ്റി അവസാനമായി യോഗം ചേർന്നത് 26.12.2016 നാണ്. ഇതിന് ശേഷം യോഗം ചേർന്നിട്ടില്ല.

ബഡ്സ് സ്കൂൾ നടത്തിപ്പിലെ ജാഗ്രതക്കുറവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/18-19/4.2.20) മറുപടി നൽകിയിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ ബഡ്സ് സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തതായി കാണുന്നില്ല. ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-30 നെൽ കൃഷി കൂലിച്ചെലവ് - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനാണ് പദ്ധതി നിർവ്വഹണം നടത്തിയത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം. | 79/19 |
| അടങ്കൽ | 255000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 91800/- |
| ബിൽ നം. തി. | 13/18-19/14.08.18 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ) നം.22/2018/തസ്വഭവ/ തി.14.02.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ – 6-1 ൽ ഗുണഭോക്താക്കൾ വിള ഇൻഷ്വറൻസ് മുൻകൂറായി അടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ ഇത് അടച്ചതായി കാണുന്നില്ല. 14.03.2019 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം കർഷകർ വിള ഇൻഷ്വറൻസ് അടയ്ക്കേണ്ടതില്ലെന്ന് ഭരണ സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത് അടയ്ക്കാതിരുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതില്ല എന്ന് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമല്ല.
2. ഈ പദ്ധതിയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല.
3. അപേക്ഷയിൽ കർഷകർ കൃഷി നടത്തിയിട്ടുണ്ടോ എന്ന് കൃഷി ഓഫീസർ

സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല പദ്ധതിയുടെ വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ പാലിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. അപാകതകൾ കാരണം ചെലവ് തുക 91800/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-31 ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് - അപാകതകൾ

ക്ഷീരകർഷകർ, വനിതാ ക്ഷീര കർഷകർ എന്നിവർക്ക് മിൽക്ക് ഇൻസെന്റീവ് നൽകുന്നതിന് ഓഡിറ്റ് വർഷം രണ്ട് പദ്ധതികൾ നടപ്പാക്കുകയുണ്ടായി. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ്

| | |
|---|---|
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം. | 16/19 |
| അടങ്കൽ | 6,25,000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 6,25,000/- |
| ബിൽ നം. തി. | 1/18-19/05.02.19 |

2) വനിതാ ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ്

| | |
|---|---|
| നിർവ്വഹണം | ഡയറി എക് സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം. | 18/19 |
| അടങ്കൽ | 5,75,000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 5,75,000/- |
| ബിൽ നം. തി. | 2/18-19/05.02.19 |

ക്ഷീര കർഷകർ സൊസൈറ്റിയിൽ പാൽ അളന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതികൾ നിർവ്വഹണം നടതിതയതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 12,00,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-32 തെളിനീർ കുടിനീർ പദ്ധതി - തുടർ നടപടികളെടുത്തില്ല.

ഗ്രാമപഞ്ചായത്തിലെ കിണറുകളിൽ നിന്ന് കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എമ്മിന്റെ സഹായത്തോടെ പരിശോധിക്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | എം.ഒ.(സി.എച്ച്.സി) |
| പ്രോജക്ട് നം. | 298/19 |
| അടങ്കൽ | 16,00,000 |
| ഫണ്ട് | വികസനം, തനത് |
| ചെലവ് | 8,00,000/- |
| ചെക്ക് നം. തി. | 9153536 /26.3.2019 |

സ.ഉ.(കൈ) നം.11/2018/തസ്വഭവ.തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.7-1 ബിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് പ്രവൃത്തി നിർവ്വഹണം നടത്താമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വ്യക്തിഗത കിണറുകളിലെ വെള്ളം പരിശോധിക്കുന്നതിന് ഓഡിറ്റ് വർഷം മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 2711 കിണറുകളിലെ വെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്, കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എമ്മിന്റെ സഹകരണത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. 2711 കിണറുകളിൽ നിന്ന് സാമ്പിളുകൾ എടുത്തതിൽ 822 സാമ്പിളുകളുടെ പരിശോധനാഫലം മാത്രമേ ഇതുവരെയായി ലഭിച്ചിട്ടുള്ളൂ. പഞ്ചായത്തിൽ നിന്ന് ഇതിനായി എട്ട് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പന്റെ മിനുട്സ് പരിശോധിച്ചതിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിർദ്ദേശം ഉയർന്ന് വന്നതായി കാണുന്നില്ല.

കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിച്ചതിന്റെ റിപ്പോർട്ട് ഫയലിൽ ഇല്ല. കുടിവെള്ളത്തിന്റെ ഗുണമേന്മ കുറവാണെങ്കിൽ ഇത് പരിഹരിക്കുന്നതിന് 2019-20 വർഷത്തിൽ പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടതായി കാണുന്നില്ല. ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്നിരിക്കേ, തുടർ വർഷങ്ങളിൽ പദ്ധതികളാവിഷ്കരിച്ച് കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിന് ഭരണ സമിതി ജാഗ്രത കാണിച്ചിട്ടില്ല. കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 127500 | നെൽകൃഷിക്ക് കൂലിചെലവ് | 45900 | 81600 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 809000 | തെളിനീർ കുടിനീർ | 800000 | 9000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1400000 | കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | 0 | 1400000 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 600000 | മിൽക്ക് ഇൻസെന്റീവ് | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2281089 | ലൈഫ് ഭവനം | 2281089 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 1117239 | | 1117239 | 0 |
| ബ്ലോക്ക് പഞ്ചായത്ത്<br><br>ജില്ലാപഞ്ചായത്ത് | 2018-19 | 400000<br><br>76015 | ലൈഫ് ഭവനം പട്ടികജാതി | 183985<br><br>76015 | 216015<br><br>0 |
| ബ്ലോക്ക് പഞ്ചായത്ത്<br><br>ജില്ലാ പഞ്ചായത്ത് | 2018-19 | 400000<br><br>400000 | കിണർ റീചാർജിംഗ് | 14000<br><br>14000 | 386000<br><br>386000 |
| ബ്ലോക്ക് പഞ്ചായത്ത്<br><br>ജില്ലാ പഞ്ചായത്ത് | 2018-19 | 194300<br><br>237500 | ഭിന്നശേഷി സ്കോളർഷിപ്പ് | 194300<br><br>212500 | 0<br><br>25000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 550000 | മിൽക്ക് ഇൻസെന്റീവ് വനിത | 550000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ച |
|---|---|---|---|---|---|

| | നമ്പർ/തീയതി | | ടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | | ടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. ഫിഷ് മാർക്കറ്റ് | 31/10/2014 ലെ സ.ഉ(എം.എസ്) 2830/14 തസ്വഭവ | 5230000 | 6489926 | 1058288 | 624508 | 5431638 |
| ലൈഫ് ഭവന പദ്ധതി (2018-19) | | 11386590 | | | | 11386590 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 29,17,991 |
| തൻവർഷം നിക്ഷേപിച്ച തുക | 2,40,734 |
| ആകെ | 31,58,725 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 31,58,725 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കെ.ഡി.സി.ബാങ്ക് ഓർക്കാട്ടേരി | 13.09.2018 | 13.09.2019 | 316274 | - |
| 2 | കെ.ഡി.സി.ബാങ്ക് | 15.09.2018 | 15.09.2019 | 2083125 | - |

| | | | | | |
|---|---|---|---|---|---|
| | ഓർക്കാട്ടേരി | | | | |
| 3 | കെ.ഡി.സി.ബാങ്ക് ഓർക്കാട്ടേരി | 15.09.2018 | 15.09.2019 | 302024 | - |
| 4 | ഏറാമല സർവ്വീസ് സഹകരണ ബാങ്ക് | 21.12.2018 | 21.12.2019 | 457302 | - |
| **ആകെ** | | | | **3158725** | - |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 7 | 2004-05 | 11.4.1 | തൊഴിൽ പരിശീലന പദ്ധതികൾ പരാജയപ്പെട്ടു | |
| 2000-01 | ഭാഗം 1 | 2005-06 | 67.6.3 | ബജറ്റ് തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലും വീഴ്ച | |
| 2000-01 | 3-8 | 2005-06 | 67.9.12 | പെൻഷൻ അപാകതകൾ | |
| 2001-02 | ഭാഗം 1 | 2005-06 | 67.11.12 | ആഭ്യന്തര നിയന്ത്രണം പാളുന്നു അപാകതകൾ ഏറുന്നു. | |
| 2000-01 | | 2005-06 | 67.14.21 | നികുതി പിരിക്കുന്നതിലെ അലംഭാവം | |
| 2009-10 | 3-9 | 2012-13 | 4.7.1 | ആസൂത്രണത്തിലെ പിഴവ് – കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നിലച്ചു | |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,16,20,365 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,82,07,789 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,17,013 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-21 | 68213 | പി.സുരേഷ് (സെക്രട്ടറി) |
| 1-22 | 27000 | പി.സുരേഷ് (സെക്രട്ടറി) |
| 1-25 | 1530000 | പി.സുരേഷ് (സെക്രട്ടറി) |
| 1-28 | 400000 | പി.സുരേഷ് (സെക്രട്ടറി) |
| 1-30 | 91800 | അഞ്ജന രാജേന്ദ്രൻ (കൃഷി ഓഫീസർ) |
| 1-31 | 1200000 | ശ്രീജിത്ത് (ഡി.ഇ.ഒ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഇനം |
|---|---|---|
| 1-18 | 30668 | ജി.എസ്.ടി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| **പി.സുരേഷ്. (സെക്രട്ടറി)** | **സെക്രട്ടറി, ഏറാമല ഗ്രാമ പഞ്ചായത്ത്** | **പറമ്പത്ത്, മാങ്ങോട്ടുപാറ ചോറോട്.പി.ഒ** |
| **അഞ്ജന രാജേന്ദ്രൻ (കൃഷി ഓഫീസർ)** | **കൃഷി ഓഫീസർ ഏറാമല ഗ്രാമ പഞ്ചായത്ത്** | **കല്ലുള്ള പറമ്പത്ത്, മയ്യന്നൂർ.പി.ഒ** |
| **ശ്രീജിത്ത് (ഡി.ഇ.ഒ)** | **ഡയറി എക്സ്റ്റൻഷർ ഓഫീസർ ഏറാമല ഗ്രാമ പഞ്ചായത്ത്** | **പാലക്കാട്ടിൽ വീട് ഈരാറ്റുപേട്ട** |

| | | |
|---|---|---|
| | | കോട്ടയം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 (ചെലവ്) | എൽഎഫ്.കെ.കെ.ഡി(എസ്1)922/02 തീ.23.1.03 | 15 (21 ബി, 30 ബി, സി, ഡി, ഇ, 31, 36എ, 36ബി, 37, 38, 39, 40, 41, 42, 43) |
| 1999-00 (ചെലവ്) | എൽഎഫ്.കെ.കെ.ഡി(എസ്1)1484/03 തീ.25.02.04 | 7 (ഖ 3, 5, , 6, 7, 8, 9, 10) |
| 1999-00 (വരവ്) | എൽഎഫ്.കെ.കെ.ഡി.പി2/341/04 തീ.06.01.05 | 4 (ഖ 4എ, 24, 25, 27) |
| 2000-01 (വരവ്) | എൽഎഫ്.കെ.കെ.ഡി.പി2/47/05 തീ.04.09.07 | 2 (ഖ2-2, 3-7) |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി5/1347/15 തീ.04.08.15 | 5 (ഖ 5, 6(1), (2), 7(1), 7(2)) |
| 2001-02 (പ്ലാൻ ഒഴികെ) | എൽഎഫ്.കെ.കെ.ഡി.പി5/135/15 തീ.27.04.17 | 2 (2-3, 3-2) |
| 2001-02 (പ്ലാൻ) | എൽഎഫ്.കെ.കെ.ഡി.പി5/1358/2015 തീ.3108.16 | 3 (7, 9, 10) |
| 2002-03 | എൽഎഫ്.കെ.കെ.ഡി.പി5/673/09 തീ.06.10.09 | 12 (1-1, 2-2, 2-3, 2-4, 2-5, 3-1, 3-2, |

| | | |
|---|---|---|
| | | 3-3) 3-5, 3-6, 3-7, 3-8 |
| 2003-04 | എൽഎഫ്.കെ.കെ.ഡി.പി6/674/09 തീ.05.10.09 | 6<br>(2-1, 3-1, 3-2, 3-3, 3-4, 4-1) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/1151/ 07തീ.27.9.08 | 8<br>(3-1, 3-2, 3-3, 3-4, 3-5,<br>3-6, 3-8, 3-9) |
| 2005-06 | എൽഎഫ്.കെ.കെ.ഡി.പി5/756(1)/09 തീ.10.09.09 | 16<br>(2-1, 2-2, 2-3, 3-1, 3-2, 3-3, 3-5,<br>3-6 മുതൽ 3-13 വരെ, 3-14) |
| 2006-07 | എൽഎഫ്.കെകെഡി(എസ്1)850/09 തീ.5.1.10 | 27<br>(2-1 മുതൽ<br>2-6 വരെ,<br>3-1 മുതൽ<br>3-22 വരെ) |
| 2007-08 | എൽഎഫ്.കെകെഡി(എസ്1)1182/10 തീ.9.6.11 | 24<br>(1, 1-2, 1-3, 2-1,(3-9), 2-3, 2-5, 3-1,<br>3-2, 3-3, 3-4, 3-5, 3-6, 3-9, 3-16,<br>3-17, 3-19, 3-20,<br>3-21 (എ.ബി), 3-22, 4-2, 4-3,<br>4-5, 4-7) |
| 2008-09 | എൽഎഫ്.കെ.കെ.ഡി.പി5/1350/12 തീ.13.09.12 | 22<br>(1-1, 1-4, 1-7, 2-1(1), 2-1(2)-(10),<br>2-2(എ, ഡി), 2-2(ബി.സി), 3-2,<br>3-4(1), 3-4(2), 3-5, 3-6, 3-7, 3-8,<br>3-9, 3-10, 3-11, 3-12, 3-13, 3-14,<br>3-15, 4-7) |

| | | |
|---|---|---|
| 2009-10 | എൽഎഫ്.കെ.കെ.ഡി.പി5/1890/12 തീ.05.12.2012 | 20<br>(1-3, 2-1, 2-3, 2-4, 2-6, 3-1, 3-3,3-4, 3-5, 3-6, 3-7,3-8(2) 3-8(3), 3-9, 3-14, 3-15(1), 3-16, 3-18, 3-19, 4-3, 4-7) |
| 2010-11, 2011-12 | എൽഎഫ്.കെകെഡി(പി5)1724/13 തീ.30.1.14 | 17<br>(2-3, 3-1, 3-2, 3-3, 3-4, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-14, 3-16, 3-19, 3-20, 3-21, 3-23) |
| 2012-13, 2013-14 | എൽഎഫ്.കെ.കെ.ഡി.പി5/732/16 തീ.29.09.16 | 7<br>(2-1, 3-4, 3-5, 3-8, 3-10, 3-12, 3-13) |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1146/2016. | 17<br>(2-2, 2-3, 2-4, 3-1, 3-2(1), (2), (4), 3-3, 3-4(1), (2), (3), 3-5, 3-6, 3-9, 3-10, 3-11, 4-2) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി5/2017/16 തീ.01.06.17 | 16<br>(2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 3-1, 3-2, 3-3(1), 3-3(2), 3-4, 3-5, 4-9) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/1919/17 തീ.01/11/2017 | 26<br>(2-1 മുതൽ 2-10 വരെ, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16(1), 3-16(2), 3-17, 3-18) |

| | | |
|---|---|---|
| 2017 – 18 | കെ.എസ്.എ.കെ.കെ.ഡി.പി5/2043/18 തീ.05.102018 | 2-1,2-2,2-3,2-4, 3-1,3-2,3-3,3-4,3-5,3-6,3-8,3-10 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്**

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി9/270/2020 തിയതി: 07.03.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഏറാമല ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്**